# ആ പ്രാർഥന അല്ലാഹു സ്വീകരിക്കുമാറാകട്ടെ!

عَن كَعْبِ بنِ عُجْرَةَ رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّه ﷺ: احضُروا المِنْبَرَ ، فَحَضَرْنَا ، فَلَمَّا ارْتَقَى دَرَجَةً قَالَ : آمينْ ، فَلَمَّا ارْتقى الدَّرَجَةَ الثانِيَةَ قَالَ : آمينْ فَلَمَّا ارْتَقَى الدَّرَجَةَ الثالِثَةَ قَالَ : آمِينْ ، فَلَمَا نزَلَ ، قُلْنَا : يَارَسُولَ اللَّه ! لَقَدْ سَمِعْنَا مِنْكَ اليَوْمَ شَيْئًا ما كُنَّا نَسْمَعُهُ ، قَالَ : "إِنَّ جبْرِيلَ عَلَيْهِ السَّلَامُ عَرَضَ لِي ، فَقَالَ : بَعُدَ مَنْ أَدْرَكَ رَمَضَانَ فَلَمْ يُغْفَرْ لَهُ ، قُلتُ : آمِينْ ، فَلَمَّا رَقِيتُ الثّانِية ، قَالَ : بَعَدَ مَنْ ذُكِرتَ عنْدَهُ فَلَمْ يُصَلِّ عَلَيْكَ ، فَقُلْتُ : آمِينْ ، فَلَمَّا رَقِيتُ الثالِثَةَ قَالَ : بَعُدَ مَنْ أَدْرَكَ أَبَوَيْهِ الكِبَرُ عِنْدَهُ أَوْ أَحَدَهُمَا . فَلَمْ يُدْخِلاهُ الجَنَّةَ . قُلْتُ : آمِينْ !"

**കഅ്ബ്ബുനു ഉജ്റ(റ)പറഞ്ഞു: ഒരിക്കൽ നബി(സ) ആവശ്യപ്പെട്ടു: "എല്ലാവരും മിമ്പറിന്റെ അരികിൽ വരിൻ. ഞങ്ങളെല്ലാം അവിടെ സന്നിഹിതരായി. മിമ്പറിന്റെ ആദ്യപടി കയറിക്കൊണ്ട് അവിടുന്ന് 'ആമീൻ' പറഞ്ഞു. രണ്ടാമത്തെ പടി കയറിയപ്പോഴും 'ആമീൻ' പറഞ്ഞു. മൂന്നാമത്തെ പടിയിലെത്തിയപ്പോഴും 'ആമീൻ' ആവർത്തിച്ചു. ഖുത്ബ നിർവഹിച്ച് താഴെയിറങ്ങിയപ്പോൾ ഞങ്ങൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത ചിലത് ഇന്ന് ഞങ്ങൾ താങ്കളിൽനിന്ന് കേട്ടല്ലോ?" പ്രവാചകൻ പറഞ്ഞു: ഞാൻ മിമ്പറിന്റെ ഒന്നാംപടി കയറിയപ്പോൾ ജിബ്രീൽ(അ) എനിക്ക് പ്രത്യക്ഷനായി ഇപ്രകാരം പ്രാർഥിക്കുന്നത് കേട്ടു: "റമദാൻ വന്നുകിട്ടിയിട്ടും പാപങ്ങൾ പൊറുക്കപ്പെടാത്തവൻ നശിച്ചുപോകട്ടെ!" അപ്പോൾ ഞാൻ 'ആമീൻ' (അല്ലാഹു ആ പ്രാർഥന സ്വീകരിക്കുമാറാകട്ടെ) പറഞ്ഞു. രണ്ടാംപടി കയറിയപ്പോൾ ജിബ്രീൽ പ്രാർഥിച്ചു: "പ്രവാചകരേ, താങ്കളുടെ പേര് കേട്ടിട്ടും സ്വലാത്ത് ചൊല്ലാത്തവനുണ്ടെങ്കിൽ അവൻ നശിച്ചുപോകട്ടെ!" ഞാൻ 'ആമീൻ' പറഞ്ഞു. മൂന്നാമത്തെ പടി കയറിയപ്പോൾ ജിബ്രീൽ(അ) പ്രാർഥിച്ചു: "വാർധക്യത്തിലെത്തിയ മാതാപിതാക്കൾ -അവരിൽ ഒരാളോ രണ്ടുപേരോ- ഒപ്പമുണ്ടായിട്ടും അവർ കാരണം സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയാത്തവൻ നശിച്ചു പോകട്ടെ!" അപ്പോഴും ഞാൻ 'ആമീൻ' പറഞ്ഞു.***

**സൃഷ്ടി** ശ്രേഷ്ഠരായ ജിബ്രീലും അന്ത്യപ്രവാചകനും മൂന്നുതരം ആളുകൾക്കെതിരെ നടത്തിയ പ്രാർഥനകളാണ് ഈ പ്രവാചക വചനത്തിൽ. വിശുദ്ധ റമദാനിൽ ജീവിക്കാൻ ഭാഗ്യം കിട്ടിയിട്ടും അതിന്റെ നന്മകളും സൗഭാഗ്യങ്ങളും ഒന്നുപോലും നേടിയെടുക്കാൻ മെനക്കെടാതെ അതിനെ അവഗണിച്ചു തള്ളുന്നവനാണ് ഹദീസിൽ ഒന്നാമതായി പരാമർശിക്കപ്പെടുന്നത്. സത്കർമങ്ങൾ ധാരാളമായി ചെയ്ത് അല്ലാഹുവിന്റെ അനുഗ്രഹ കാരുണ്യങ്ങൾ നേടിയെടുക്കാൻ ഏറ്റവും കൂടുതൽ ഉത്സാഹിക്കേണ്ട സന്ദർഭമാണ് റമദാൻ.

ഈ പുണ്യകാലത്ത് നന്മകളൊന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല, തെറ്റുകുറ്റങ്ങളിലും അല്ലാഹുവിനെക്കുറിച്ച അശ്രദ്ധയിലുമാണ് ഒരാൾ കാലം കഴിക്കുന്നതെങ്കിലോ! എത്ര വലിയ നഷ്ടമായിരിക്കും അത്! നബി(സ) പറഞ്ഞു: "റമദാനിൽ ആർക്കാണോ അല്ലാഹുവിന്റെ കാരുണ്യം നിഷേധിക്കപ്പെടുന്നത് അവനത്രെ ഏറ്റവും വലിയ ഹതഭാഗ്യൻ" (ത്വബ്റാനി)

പ്രവാചകന്റെ പേര് സ്മരിക്കപ്പെടുന്നത് കേട്ടിട്ടും അദ്ദേഹത്തിന്റെ പേരിൽ സ്വലാത്ത് ചൊല്ലാത്തവനെ കുറിച്ചാണ് തുടർന്ന് പരാമർശിക്കുന്നത്. പ്രവാചക സ്നേഹം ദീനിലെ സുപ്രധാനമായ ഒരടിത്തറയാണ്. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ തന്നെ ഭാഗമാണത്. അതില്ലാതെ വിശ്വാസം പൂർണമാവുകയില്ല. അല്ലാഹുവിനെയും റസൂലിനെയുമായിരിക്കണം ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത്. നബി(സ) പറഞ്ഞു: "നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുക; അവൻ നിങ്ങൾക്ക് അനുഗ്രഹങ്ങൾ ചൊരിഞ്ഞു തന്നതിനാൽ! നിങ്ങൾ എന്നെയും സ്നേഹിക്കുക! നിങ്ങൾക്ക് അല്ലാഹുവിനോടുള്ള സ്നേഹം കാരണത്താൽ!" (തിർമിദി, ത്വബ്റാനി, ഹാകിം).

വൃദ്ധരായ മാതാപിതാക്കളോടുള്ള ബാധ്യതകൾ നിറവേറ്റാതെ സ്വർഗപ്രവേശനം തടയപ്പെട്ടവരാണ് മൂന്നാമത്തെ വിഭാഗം. മാതാപിതാക്കളെ നല്ലനിലയിൽ പരിചരിക്കാനും അവരോട് മാന്യമായി പെരുമാറാനും ഖുർആൻ പ്രത്യേകം ഉണർത്തിയിട്ടുണ്ട് (*അൽഇസ്റാഅ്* 23,24). ഒരാൾ പ്രവാചകനോട് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, മാതാപിതാക്കളോടുള്ള മക്കളുടെ ബാധ്യതകൾ എന്തെല്ലാമാണ്?" അവിടുന്ന് പറഞ്ഞു: "അവരാണ് നിന്റെ സ്വർഗം; അവരാണ് നിന്റെ നരകം" (ഇബ്നുമാജ). മാതാപിതാക്കളുടെ ഇഷ്ടാനിഷ്ടങ്ങളിലൂടെയാണ് ഒരാൾ സ്വർഗനരകങ്ങൾ സമ്പാദിക്കുന്നതെന്നാണ് പ്രവാചകൻ(സ) ഓർമപ്പെടുത്തുന്നത്. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ഹാകിം (4/153), ഇബ്നു ഹിബ്ബാൻ (409), ഇബ്നു ഖുസൈമ (1888) തുടങ്ങിയവർ ഉദ്ധരിച്ചത്. ഹദീസ് 'സ്വഹീഹ്' ആണെന്ന് ഹാകിമും ദഹബിയും അഭിപ്രായപ്പെടുന്നു.